LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 9, വെള്ളി.

നിയമസഭ 1999 ജൂലൈ മാസം 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യം നമ്പർ 376.

നഗരവികസന ധനകാര്യ കോർപ്പറേഷൻ

1 (*376)ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളുടെ അടിസ്ഥാന വികസനത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നഗരവികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) നഗരവികസന ധനകാര്യ കോർപ്പറേഷൻ ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് നഗരസഭകൾക്ക് വായ്പ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നഗരസഭകളുടെ വിവിധ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതിന് പ്രസ്തുത കോർപ്പറേഷന് കഴിയുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നഗരസഭകളുടെ വികസനത്തിനാവശ്യമായ സാമ്പത്തികസഹായം നൽകുന്നതിന് നഗര വികസനകോർപ്പറേഷന്റെ ഓഹരി മൂലധനം

വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) നഗരസഭകൾ വായ്പത്തുക തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ; എങ്കിൽ വായ്പത്തുക പിരിച്ചെടുക്കുന്നതിന് എന്തുനടപടി സ്വീകരിച്ചുവരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കഴിഞ്ഞ മൂന്നുവർഷമായി നഗര വികസന ധനകാര്യകോർപ്പറേഷൻ എന്തു തുകയുടെ സാമ്പത്തിക സഹായം വിവിധ നഗരസഭകൾക്ക് നൽകി എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി) : സർ,

(എ) ഉണ്ട്, 1970-ൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രൂപീകരിച്ച കോർപ്പറേഷൻ 1989-ൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി മാറ്റപ്പെടുകയുണ്ടായി.

(ബി) പ്രധാനമായും ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺ ഹാൾ, മാർക്കറ്റുകൾ, അറവുശാലകൾ, ചേരിവികസനം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കാണ് നഗരവികസന ധനകാര്യ കോർപ്പറേഷൻ വായ്പകൾ നൽകുന്നത്.

(സി)&(ഡി) ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ സാമൂഹ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വരൂപിക്കുന്നതിനു ഉതകുന്ന രീതിയിൽ കേരള നഗരവികസന ധനകാര്യകോർപ്പറേഷനെ പരിവർത്തനപ്പെടുത്തണമെന്ന ശുപാർശ നൽകിയിരുന്നു. കോർപ്പറേഷന്റെ അംഗീകൃതമൂലധനം 12 കോടിരൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശവും സർക്കാർ പരിഗണിക്കുകയുണ്ടായി. മേൽപ്പറഞ്ഞ രണ്ടുപ്രശ്നങ്ങളും കണക്കിലെടുത്ത് കേരള നഗരവികസന ധനകാര്യ കോർപ്പറേഷൻ പുനഃസംഘടിപ്പിക്കുന്നതിന് ശുപാർശ നൽകുന്നതിന് ഒരു വിദഗ്ദ്ധകമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) പല നഗരസഭകളും വായ്പത്തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ മുനിസിപ്പൽ ചെയർമാന്മാരുടെയും കെ.യു.ഡി.എഫ്.സി. അധികൃതരുടേയും യോഗം വിളിച്ചുകൂട്ടുകയും പിഴപ്പലിശ ഒഴിവാക്കി ലോൺ കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള ഒരു വൺടൈം സെറ്റിൽമെന്റ് സ്കീം ആവിഷ്ക്കരിക്കുകയും ചെയ്തിരുന്നു. അനേക മുനിസിപ്പാലിറ്റികൾ ഈ സ്കീമിൽ കുടിശ്ശിക അടച്ചുതീർത്തിട്ടുണ്ട്. മാത്രമല്ല, കെ.യു.ഡി.എഫ്.സി. യുടെ ലോണുപയോഗിച്ച് പശ്ചാത്തലമേഖലയിലെ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നു എന്നതിനാൽ 1997-98, 1998-99 വർഷങ്ങളിൽ പദ്ധതിവിഹിതത്തിലെ പശ്ചാത്തലമേഖലയിലെ ഫണ്ട് ഉപയോഗിച്ച് നഗരവികസന ധനകാര്യകോർപ്പറേഷന് നൽകാനുള്ള കുടിശ്ശിക തിരിച്ചടയ്ക്കാൻ നഗരസഭകൾക്ക് യഥേഷ്ടാനുമതി നൽകിയിരുന്നു. കെ.യു.ഡി.എഫ്.സിയും മുനിസിപ്പാലിറ്റികളുമായി നിരന്തരം ബന്ധപ്പെട്ട് തിരിച്ചടവ് വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്.

(എഫ്) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി നഗരവികസന ധനകാര്യ കോർപ്പറേഷൻ നൽകിയ സാമ്പത്തികസഹായം താഴെ പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

	1996-97	1997-98	1998-99
			(രൂപ ലക്ഷത്തിൽ)
വായ്പ -	266.81	135.00	898.39
കേന്ദ്ര-സംസ്ഥാന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ	138.22	140.24	23.35

ശ്രീ. എം.പി. വർഗ്ഗീസ് : സർ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഗരവികസന ധനകാര്യ കോർപ്പറേഷന് എന്തുതുകയാണ് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നത്; അത് പിരിച്ചെടുക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ഈ സർക്കാർ അധികാരത്തിൽ വരുന്ന 1996-97 കാലഘട്ടത്തിൽ 1633 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു. അത് പിരിച്ചെടുക്കുന്നതിനുള്ള നടപടികളെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. ആ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും കെ.യു.ഡി.എഫ്.സി.യും പിഴപ്പലിശ ഒഴിവാക്കിക്കൊണ്ട് കടം തിരിച്ചടയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു. അതിൽ വലിയ പുരോഗതി ഉണ്ടായിട്ടുള്ളതായി കാണുന്നു.

ശ്രീ. എം.പി. വർഗ്ഗീസ് : ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നഗരസഭാ വികസനകോർപ്പറേഷൻ സാമ്പത്തികസഹായം അനുവദിക്കുന്നതെന്ന് പറയാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ഇവിടെ ഞാൻ തുടക്കത്തിൽതന്നെ പറഞ്ഞു. പ്രധാനമായും ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺഹാൾ, മാർക്കറ്റ്, അറവുശാലകൾ, ചേരിവികസനം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കാണ് പണം കൊടുക്കുന്നത്.

ശ്രീ. പി.കെ. കുമാരൻ : 1998-99 സാമ്പത്തികവർഷത്തിൽ വിവിധ നഗര സ്വയംഭരണസ്ഥാപനങ്ങളുടെ എത്ര പദ്ധതികൾക്കാണ് ഗവൺമെന്റ് ഈ കോർപ്പറേഷൻവഴി സഹായം നൽകിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : കൃത്യമായിട്ട് അതിന്റെ കണക്ക് എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല. അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി.കെ. കുമാരൻ : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരവികസന ധനകാര്യ കോർപ്പറേഷൻ വഴി നൽകിയിട്ടുള്ള വായ്പയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉദാരമായ നിലപാടും നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ ആ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ എത്രകോടി രൂപയാണ് കോർപ്പറേഷന് പിരിഞ്ഞുകിട്ടിയിട്ടുള്ളത്; ഇനി എത്രകോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളതെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : 1996-97- ൽ ഇവിടെ ഞാൻ നേരത്തെ പറഞ്ഞു, കൊടുത്തിട്ടുള്ള സംഖ്യയിൽ കുടിശ്ശികയായിട്ട് പിരിഞ്ഞുകിട്ടാനുള്ളതിന്റെ കണക്ക്. അതിൽ 1012 ലക്ഷം രൂപ തിരിച്ചടവ് കിട്ടി. 1997-98-ൽ 9,41,00,000 രൂപ തിരിച്ചടവ് കിട്ടി. 1998-99-ൽ 9,03,00,000 രൂപ തിരിച്ചടവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ബാലൻ : നമ്മുടെ ജനകീയാസൂത്രണ പദ്ധതികൾ നിർവ്വഹിക്കുമ്പോൾ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഈ ധനകാര്യ സ്ഥാപനങ്ങളെ വായ്പയ്ക്കുവേണ്ടി സമീപിച്ചാൽ ഇന്ന് അവരുടെനേരെ മുഖംതിരിച്ചു നിൽക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അക്കാര്യം പരിഗണിച്ചുകൊണ്ട് ഈ കോർപ്പറേഷനിൽ നിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് വായ്പ നൽകുകയും ആ വായ്പ ഗവൺമെന്റ് പദ്ധതിപ്പണം കൊടുക്കുമ്പോൾ അതിൽ നിന്ന് കിഴിക്കുകയും ചെയ്യുന്ന ഒരു സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : തദ്ദേശഭരണസ്ഥാപനങ്ങൾ വളരെ പ്രധാനപ്പെട്ട സാമ്പത്തിക ബാദ്ധ്യതവരുന്ന വലിയ പദ്ധതികൾ ആരംഭിക്കണമെന്നുണ്ടെങ്കിൽ അതാത് വർഷത്തെ പ്ലാൻഫണ്ടിൽനിന്ന് കിട്ടുന്ന തുകകൊണ്ട് മാത്രം അവ ഏറ്റെടുത്ത് പൂർത്തീകരിക്കാൻ സാധിച്ചു എന്നുവരില്ല. അത്തരത്തിലുള്ള സ്ഥിതിവിശേഷമുണ്ട്. അത് പരിഗണിച്ച് കെ.യു.ഡി.എഫ്.സി.യിൽ നിന്ന് അതിനാവശ്യമായിട്ടുള്ള തുക ലോണായി വാങ്ങാനും പദ്ധതിപ്പണം പഞ്ചായത്തുകൾക്ക്, തദ്ദേശഭരണസ്ഥാപനങ്ങൾക്ക്, കൊടുക്കുന്നതിൽ നിന്നും ഈടാക്കി കെ.യു.ഡി.എഫ്.സി.ക്ക് തിരിച്ചുകൊടുക്കാനുമുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. ടി.കെ. ബാലൻ : നഗരവികസന ധനകാര്യ കോർപ്പറേഷൻ ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ഏറ്റെടുത്തുനടപ്പിലാക്കുന്നതെന്ന് ഒന്ന് വെളിപ്പെടുത്താമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ഈ കോർപ്പറേഷൻ ഇപ്പോൾ പ്രധാനമായും ഞാൻ ഇവിടെ നേരത്തെ തന്നെ സൂചിപ്പിച്ചിട്ടുള്ളതാണ് ഹൗസിംഗ് പരിപാടിയും അതുപോലുള്ള മറ്റ് പദ്ധതികളുമൊക്കെയാണ് ഏറ്റെടുത്തു നടപ്പാക്കി വരുന്നത്. പിന്നെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ ലോൺ കൊടുത്ത് നടത്തുന്ന പരിപാടികളുമുണ്ട്. ആ പരിപാടികളെക്കുറിച്ചാണ് ഞാനിവിടെ പറഞ്ഞത്. ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, അറവുശാലകൾ എന്നിവ നിർമ്മിക്കുക തുടങ്ങിയ പദ്ധതികളുമുണ്ട്. അവയ്ക്ക് ധനസഹായം കൊടുക്കുന്നുമുണ്ട്. ഇതിനുപുറമേയുള്ള പദ്ധതികളെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഈ നഗരവികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചത് മുനിസിപ്പാലിറ്റികളായാലും കോർപ്പറേഷനുകളായാലും അവരുടെ പരിമിതമായ വരുമാനംകൊണ്ട് പദ്ധതികൾ പൂർണ്ണമായും ഏറ്റെടുത്ത് നടത്താൻ കഴിയാത്ത കാലഘട്ടത്തിലാണ്. അതിനനുസരിച്ചുള്ള പ്രവർത്തനമൂലധനമാണ് ഈ കോർപ്പറേഷന് ഉണ്ടായിരുന്നത്. കഴിഞ്ഞകൊല്ലം ഈ ധനകാര്യ കോർപ്പറേഷൻ വിവിധ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കുമായി കൊടുത്ത വായ്പ ഏതാണ്ട് 69 കോടിയോളം രൂപയാണ്. ഇന്നിപ്പോൾ ജനകീയാസൂത്രണ പരിപാടി പ്രാവർത്തികമാക്കി തുടങ്ങിയതോടുകൂടി കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി പല സ്കീമുകളും ഏറ്റെടുത്ത് നടപ്പിലാക്കിവരികയുമാണ്. അവയ്ക്കു കൊടുക്കുന്ന തുകയും കൂട്ടിയിട്ടുണ്ട്. അപ്പോൾ അതിനനുസരിച്ച് ഈ ധനകാര്യ കോർപ്പറേഷന്റെ മൂലധനം കുറേക്കൂടി കൂട്ടാനും 100 കണക്കിന് കോടിരൂപ സ്വരൂപിക്കാനും ഓരോ കോർപ്പറേഷനും മുനസിപ്പാലിറ്റിക്കും കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുമായി കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികസഹായം ഈ കോർപ്പറേഷനിൽ നിന്നും കൊടുക്കുവാൻ ഉതകുന്നവിധത്തിൽ ഇവയ്ക്ക് ഒരു പുനഃസംഘടനയും അതിനനുസരിച്ചുള്ള നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സാമ്പത്തിക സ്ഥാപനത്തിന്റെ മൂലധനം വർദ്ധിപ്പിക്കാനും വർദ്ധിച്ചുവരുന്ന സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കത്തക്കവണ്ണവുമുള്ള നിലയിൽ ആ ധനകാര്യ കോർപ്പറേഷന്റെ മൂലധനം വർദ്ധിപ്പിക്കുന്നതുവഴി സാമ്പത്തികമായി അതിനെ മെച്ചപ്പെടുത്താനുമുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ചിടത്തോളമുള്ള കാര്യമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. അതു പോലെതന്നെ ജനകീയാസൂത്രണം വന്നതോടുകൂടി പഞ്ചായത്തുകളുടെ വരുമാനവും ബാദ്ധ്യതയുമൊക്കെ വർദ്ധിച്ചിട്ടുണ്ട്. അവർക്ക് കൂടുതൽ അധികാരവും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അവയ്ക്ക് അവരുടെ വരുമാനത്തിന്റെ പരിധിക്കകത്ത് നിന്നുകൊണ്ട് തന്നെ നിർവ്വഹിക്കുവാൻ കഴിയാത്ത പ്രവർത്തനങ്ങൾക്ക് അവിടെ പലതരത്തിലുള്ള പദ്ധതികളുണ്ടാവും നടപ്പിലാക്കാനായിട്ട്. ഉദാഹരണമായി സ്റ്റേഡിയം നിർമ്മിക്കേണ്ട ആവശ്യമുണ്ടാവും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കേണ്ട ആവശ്യമുണ്ടാകും, ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയവയുടെ പൂർത്തീകരണം നടത്തേണ്ടതിന്റെ ആവശ്യകതയുണ്ടാകും, അതുപോലെ അവർക്കാവശ്യമുള്ള ഓരോ പദ്ധതിയുടെയും സ്വഭാവത്തിന് അനുസരിച്ച് അവയുടെ നടത്തിപ്പ് തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തികസഹായം കൊടുക്കത്തക്കവിധത്തിലുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് പഞ്ചായത്തുകൾക്കുകൂടി സാമ്പത്തികസഹായം കൊടുക്കുന്നതിനും പഞ്ചായത്തുകളെ സാമ്പത്തികമായി സഹായിക്കത്തക്കവിധത്തിലുമുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇന്ന് നിലവിലുള്ളത് റൂറൽ ഡെവലപ്മെന്റ് ബോർഡാണ്. അതിനെ ഒരു ധനകാര്യസ്ഥാപനമാക്കി മാറ്റുന്നതിനുവേണ്ട തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിന്റെ നടപടികൾ അവസാനഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. അത് ഒരു ധനകാര്യസ്ഥാപനമായി മാറിയിട്ടുണ്ടെന്നുണ്ടെങ്കിൽ പഞ്ചായത്തുകൾക്കും മറ്റും സാമ്പത്തികസഹായം ചെയ്യാൻ സാധിക്കും.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇവിടെ നഗരവികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നഗരവികസന അതോറിറ്റികളുടെ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. രണ്ടിന്റെയും പ്രവർത്തനങ്ങൾ സമാനസ്വഭാവമുള്ളവയാണ്. അപ്പോൾ ഈ നഗരവികസന അതോറിറ്റികളുടെ പ്രവർത്തനങ്ങളും ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങളും തമ്മിൽ ഒരു ക്ലാഷ് ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. അതോടൊപ്പംതന്നെ ഇതുവരെ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലുമൊരു പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലം എന്താണെന്ന് ഒന്നു വെളിപ്പെടുത്തുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ഈ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനം തമ്മിൽ ഒരു ക്ലാഷ് വരുന്നുണ്ടെന്നുള്ള വിധത്തിലുള്ള റിപ്പോർട്ടുകളൊന്നുംതന്നെ ഗവൺമെന്റിന്റെ മുമ്പിൽ ഇതേവരെ വന്നിട്ടില്ല. തീർച്ചയാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടും അത് വരുന്ന സമയത്ത് അതിനെ സംബന്ധിച്ചിടത്തോളം നമുക്ക് പരിശോധിക്കാം.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഇവിടെ ശ്രീ. സി.പി. ബാലൻ വൈദ്യരുടെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കേരളാ സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിനെ ഒരു ധനകാര്യ സ്ഥാപനമാക്കി മാറ്റുന്നതിനുവേണ്ട നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരുന്നുണ്ടെന്ന്. ഇന്ന് റൂറൽ ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൊണ്ടുണ്ടാകേണ്ട ഗുണമൊന്നും പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നില്ല. പഞ്ചായത്തുകളുടെ പ്രോജക്ടുകൾ നേരിട്ട് ഏറ്റെടുത്ത് അവ പ്രാവർത്തികമാക്കിക്കൊണ്ടിരുന്ന ജോലിയാണ് അവർ നേരത്തെ ചെയ്തുകൊണ്ടിരുന്നത്. എന്നാൽ അതിന്റെ വായ്പയുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് വലിയൊരു ബാദ്ധ്യതയായിട്ടും വരുന്നുണ്ട്. അതുകൊണ്ട് ഗ്രാമപഞ്ചായത്തുകളെ സാമ്പത്തികമായി സഹായിക്കാൻ കഴിയുന്ന ഒരു ധനകാര്യ സ്ഥാപനമായി റൂറൽ ഡെവലപ്മെന്റ് ബോർഡിനെ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : റൂറൽ ഡെവലപ്മെന്റ് ബോർഡിനെ ഒരു ധനകാര്യസ്ഥാപനമാക്കി മാറ്റണമെന്ന് ഗവൺമെന്റ് തീരുമാനിച്ചപ്പോൾ മുൻപുണ്ടായിരുന്നതുപോലെ നേരിട്ട് പഞ്ചായത്തുകൾക്ക് ആവശ്യമായിട്ടുള്ള പദ്ധതികൾ നിർവ്വഹിച്ചുകൊടുക്കുന്ന രീതിയിലല്ല, മറിച്ച് അവർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കാവശ്യമായിട്ടുള്ള ലോൺ സാമ്പത്തിക സഹായമായിട്ട് കൊടുക്കുകയെന്നുള്ളതാണ് ആ ധനകാര്യസ്ഥാപനമാക്കി മാറ്റുന്നതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അപ്പോൾ തീർച്ചയായിട്ടും ആ രീതിയിലുള്ള പ്രശ്നം വരാൻ പോകുന്നില്ല. കെ.യു.ഡി.എഫ്.സി.യെപോലെ തന്നെ പഞ്ചായത്തുകൾക്ക് ലോൺ എടുത്ത് അവരുടെ വികസനപ്രവർത്തനങ്ങൾ തുടർന്നും അവയ്ക്ക് നടത്താൻ കഴിയും.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, നഗരസഭകളുടെ വികസനധനകാര്യങ്ങളിൽ നഗരവികസന ധനകാര്യ കോർപ്പറേഷൻ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ പ്രധാനപ്പെട്ടകാര്യം ചെലവുകൾ കൂടിക്കൂടി വരികയും അതുപോലെതന്നെ നമ്മുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഇപ്പോൾ അധികച്ചെലവ് കൂടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സർവ്വേ നടത്തി നമ്മുടെ നഗരസഭകളുടെയെല്ലാം സ്കീമുകൾക്ക് വേണ്ടിവരുന്ന സാമ്പത്തികസഹായങ്ങൾ നല്കുന്നതിനും കൂടേക്കൂടി ഷോപ്പിംഗ് കോംപ്ലക്സുകളും അതുപോലെതന്നെ നികുതിയേതര വരുമാനമുണ്ടാക്കുന്ന സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനും അടിയന്തിരമായ പ്രധാന്യം നൽകി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോണെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവർക്ക് സ്വന്തമായി വരുമാനമുണ്ടാക്കാനും വരുമാനം വർദ്ധിപ്പിക്കാനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി ഇപ്പോൾതന്നെ മിക്ക പഞ്ചായത്തുകളിലും നടക്കുന്നുണ്ടെന്നതാണ് വസ്തുത.

<u>ശ്രീ. പി. വിശ്വൻ</u> : നഗരവികസന ധനകാര്യ കോർപ്പറേഷന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അതിന്റെ ആസ്തി 12 കോടി രൂപയിലധികമായി വർദ്ധപ്പിക്കുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി വിദഗ്ധ സമിതിയെ നിയോഗിക്കും എന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി എഴുതിക്കൊടുത്ത ഉത്തരത്തിൽ പറയുന്നു. ഈ വിദഗ്ധ സമിതിയുടെ രൂപം എന്താണെന്നും അതിന്റെ അംഗങ്ങളായി ആരൊക്കെയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഒന്ന് വെളിപ്പെടുത്തുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : വിദഗ്ധസമിതിയിൽ ധനകാര്യവകുപ്പു സെക്രട്ടറി ഡോ. കെ.എം. എബ്രഹാം, ശ്രീ. വി.എസ്. സെന്തിൽ, ഭരണപരിഷ്ക്കാര സമിതിയിൽ ശ്രീ. ശിവശങ്കരൻ എന്നീ മൂന്ന് ആളുകൾ അടങ്ങുന്ന കമ്മിറ്റിയെയാണ് ഇതിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്.

മി. സ്പീക്കർ : ചോദ്യം 377, ശ്രീ. എളമരം കരീം, ഉത്തരം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ചോദ്യം 377,

(എ)&(ബി) ചവറുകളിൽനിന്നും വളം നിർമ്മിക്കുന്നതിനുള്ള പദ്ധതി വിവിധ നഗരസഭകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല ..... (ബഹളം) .....

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സർ, ഇതെന്താണ് സർ, ഞാൻ എഴുതിത്തന്നിട്ടുണ്ട്, അങ്ങേയ്ക്ക്, നഗരവികസന കോർപ്പറേഷനെക്കുറിച്ച് ചോദ്യം ചോദിക്കാൻ എനിക്ക് അവസരം തരണമെന്ന് ഞാൻ എഴുതിതന്നിരുന്നതാണ് ..... (ബഹളം) ..... എനിക്ക് ചോദിക്കാനുള്ള അവസരം തരുന്നതിനുമുൻപ് അങ്ങ് അടുത്ത ചോദ്യത്തിലേക്ക് പോയത് ശരിയായിട്ടുള്ള നടപടിയല്ല .....

മി. സ്പീക്കർ : അല്ല, ഇവിടെയിപ്പോൾ എന്തു സംഭവിച്ചു? ഇവിടെ ചോദ്യം ചോദിക്കാൻ അവസരം ചോദിച്ചവർക്കൊക്കെ ഞാൻ സപ്ളിമെന്ററി ചോദ്യം ചോദിക്കാനുള്ള അവസരംകൊടുത്തു. ഇവിടെ ഞാൻ ഒരു ചോദ്യം അവസാനിപ്പിക്കുമ്പോൾ അതിനിടയ്ക്ക് കൈപൊക്കിയാൽ ചോദ്യം അനുവദിച്ചുകൊടുക്കാൻ പറ്റുമോ? ..... (ബഹളം) .....

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സർ, ഞാൻ നേരത്തെ തന്നെ എഴുതിതന്നിരുന്നു.

മി. സ്പീക്കർ : No---No----No---- മെമ്പർ ഇപ്പോഴാണ് എഴുതി തന്നത്. ഈ ചോദ്യം ഞാൻ അവസാനിപ്പിക്കുന്നതിന് തൊട്ടുമുമ്പാണ് എഴുതി തന്നത്. ഞാൻ അടുത്ത ചോദ്യത്തിനുള്ള മറുപടിക്കായി മിനിസ്റ്റർ വിളിക്കുന്നതിനു തൊട്ടുമുമ്പാണ് എഴുതി എനിക്ക് തന്നത്....(ബഹളം).... അങ്ങനെയാണോ പറയാനുള്ളത്? ചോദ്യം നേരത്തെ നോക്കി കൊണ്ടുവരിക. ചോദ്യം ഇവിടെ അവതരിപ്പിക്കുന്ന സമയത്തെങ്കിലും കൈ പൊക്കുക, അല്ലാതെ വളരെ താമസിച്ച് ചോദ്യം ആരംഭിച്ച് പത്തുമിനിറ്റ് കഴിഞ്ഞിട്ട് ആ ചോദ്യം അവസാനിപ്പിക്കാൻ തുടങ്ങുന്ന നേരത്ത് ചോദ്യം ചോദിക്കാൻ വേണ്ടി കൈ പൊക്കുന്നത് ..... അതൊന്നും ശരിയായ പ്രാക്ടീസ് അല്ല. അതിനുവേണ്ടി ശബ്ദമുണ്ടാക്കുന്നതും ശരിയല്ല. ഞാൻ ഇതെല്ലാം വളരെ കെയർഫുള്ളായിട്ട് ഡീൽ ചെയ്യുന്ന ആളാണ്.....(ബഹളം) .....

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ അങ്ങേയ്ക്ക് നേരത്തെ തന്നെ എഴുതിതന്നിരുന്നതാണ് .....(ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങ് എപ്പോഴാണ് ചോദിച്ചതെന്നും എപ്പോഴാണ് എഴുതിതന്നതെന്നും എനിക്കറിയാം. ശ്രീ. പാലോട് രവി എപ്പോഴാണ് ചോദിച്ചതെന്നും എനിക്കറിയാം. ഇവിടെ ചോദ്യംചോദിക്കാൻ വേണ്ടി ആദ്യം ചോദിച്ച ആൾ ശ്രീ. കെ. പ്രകാശ് ബാബു ആയിരുന്നു. സപ്ലിമെന്ററി ചോദ്യം നാലുപേരും ചോദിച്ചുകഴിഞ്ഞശേഷമാണ് അങ്ങ് ചോദ്യം ചോദിക്കാനായിട്ട് കൈപൊക്കുന്നത്. .....(ബഹളം) .....

Please hear me ---- ബഹുമാനപ്പെട്ട മന്ത്രിയോട് ചോദ്യം ചോദിക്കാനുള്ളവരൊക്കെ ചോദിച്ചശേഷമാണ് ഞാൻ അടുത്ത ചോദ്യത്തിലേക്ക് കടന്നത്. ....(ബഹളം) ..... ഇതൊന്നും ശരിയായ ഒരു പ്രാക്ടീസ് അല്ല. ചോദ്യോത്തരസമയത്ത് സ്പീക്കറുടെ നടപടിയെ ക്വസ്റ്റ്യൻ ചെയ്യുന്നത് ശരിയായ പ്രാക്ടീസല്ല. ഈ സഭയിൽ ഇതുപോലെ ഇതിനുമുൻപ് ഒരിക്കലുമുണ്ടായിട്ടില്ല..... (ബഹളം) .... ഞാൻ ഇവിടെ ചെയ്യേണ്ട കാര്യങ്ങളൊക്കെ വളരെ ഭംഗിയായി ഫലപ്രദമായിട്ട് ചെയ്യുന്നുണ്ട്. ..... (ബഹളം) .....

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, അങ്ങ് ഒരുകാര്യം മനസ്സിലാക്കണം. ഞാൻ അങ്ങയോട് ഒരുകാര്യം പറയട്ടെ .....

മി. സ്പീക്കർ : പ്രതിപക്ഷനേതാവ് അതേക്കുറിച്ച് ഉന്നയിക്കുന്നതിൽ എനിക്ക് പ്രയാസമുണ്ട്.....(ബഹളം) .....

ശ്രീ. എ.കെ. ആന്റണി : ഞാൻ അങ്ങയോട് ഒരു വിവരം പറയട്ടെ, കഴിഞ്ഞദിവസം ചോദ്യോത്തര സമയത്ത് അങ്ങ് തന്നെയാണ് പറഞ്ഞത്, കൂടുതൽ ചോദ്യം ചോദിക്കുന്നതിനുവേണ്ടി ..... (ബഹളം) .....

മി. സ്പീക്കർ : ആ വിഷയമല്ല ഇത്. അങ്ങ് കാര്യം മനസ്സിലാക്കണം ..... (ബഹളം) .....

ശ്രീ. എ.കെ. ആന്റണി : അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇന്നിവിടെ വന്ന ചോദ്യങ്ങളെല്ലാം ഭരണകക്ഷിക്കാർക്കാണ് അങ്ങ് അനുവദിച്ചിരുന്നത്. ഇവിടെ അഞ്ചുപേരുടെ ചോദ്യം വരുന്നു. അതിൽ ഓരോരുത്തർക്കും രണ്ട് സപ്ലിമെന്ററി ചോദ്യം വീതമുണ്ടാവും. അങ്ങനെ പത്ത് ചോദ്യം ഭരണകക്ഷിക്കാർ ചോദിച്ചുകഴിഞ്ഞാൽ പിന്നെ വളരെ പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ച് പ്രതിപക്ഷാംഗങ്ങൾക്ക് ചോദിക്കാൻ ഇവിടെ സമയം കിട്ടുന്നില്ല. അതുകൊണ്ട് സ്വാഭാവികമായിട്ടും പ്രതിപക്ഷാംഗങ്ങൾക്കും പ്രധാനപ്പെട്ട വിഷയങ്ങളാകുമ്പോൾ അവയെക്കുറിച്ച് ഉപചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം തരണം. അതല്ല ഭരണകക്ഷിയിൽപ്പെട്ടവർ മാത്രം ഇവിടെ ചോദ്യങ്ങൾ ചോദിച്ചാൽ മതിയെങ്കിൽ ഞങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചോദ്യങ്ങൾ ഒന്നും ചോദിക്കാതിരിക്കാം, എല്ലാ ചോദ്യങ്ങളും ഭരണപക്ഷക്കാർ മാത്രം ചോദിക്കട്ടെ..... (ബഹളം) .....

മി. സ്പീക്കർ : Please hear me ---- (ബഹളം) ..... വീണ്ടും ആവർത്തിക്കാതിരിക്കൂ. ശാന്തതയോടുകൂടി നമ്മൾ കാര്യങ്ങൾ മനസ്സിലാക്കണം ..... (ബഹളം) ..... ചോദ്യോത്തരം വളരെ ഫലപ്രദമായിട്ടും പരമാവധി പ്രയോജനകരമായിട്ടുമാണ് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞകാര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ വേണ്ടിയാണ്, നിയന്ത്രിക്കാൻ വേണ്ടിയല്ല ഞാൻ പറഞ്ഞത്..... ബഹളം .....

ശ്രീ. എ.കെ. ആന്റണി : സർ, ഇത് പ്രതിപക്ഷത്തിന്റെ അവസരം നഷ്ടപ്പെടുത്തുന്നതിനുവേണ്ടിയാണ്. അങ്ങ് ചോദ്യം നിയന്ത്രിച്ചു. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ ആദ്യത്തെ ചോദ്യം ജനകീയാസൂത്രത്തിന്റെ കാര്യമാണ്. 5 പേരും ഭരണപക്ഷക്കാരാണ്, 10 സപ്ലിമെന്ററി ക്വസ്റ്റ്യൻ വന്നു. ഞങ്ങൾ ഒന്നും ചോദിക്കണ്ടേ? അങ്ങയെപ്പോലൊരാൾ പ്രതിപക്ഷത്തോട് നീതി കാണിക്കണം. 10 ഉപചോദ്യങ്ങൾ ഭരണപക്ഷക്കാർ ചോദിക്കുമ്പോൾ ഞങ്ങൾക്ക് ചോദിക്കണ്ടേ? അങ്ങ് പ്രതിപക്ഷത്തോട് നീതി കാണിക്കണം.....ബഹളം .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഞാൻ പറയുന്നത് കേൾക്കണം ..... ബഹളം .....

ശ്രീ. എ.കെ. ആന്റണി : സർ, ഈ സഭയിൽ ചോദ്യങ്ങളുടെ എണ്ണം നിയന്ത്രിച്ചു, അതിന്റെ നഷ്ടം പ്രതിപക്ഷത്തിനാണ് ഉണ്ടായിരുന്നത്..... ബഹളം ..... 10 സപ്ലിമെന്ററി ക്വസ്റ്റ്യൻ കഴിഞ്ഞിട്ട് പ്രതിപക്ഷത്തിന് ഒരു ചോദ്യം ചോദിക്കാനുള്ള അവസരം കിട്ടിയില്ല ഞങ്ങൾ എന്തിനാണ് ഇവിടെയിരിക്കുന്നത്? അങ്ങതു മനസ്സിലാക്കണം. അങ്ങ് പ്രതിപക്ഷത്തോട് നീതി കാണിക്കണം. ഈ തീരുമാനത്തിന്റെ ഗുണം ഭരണപക്ഷങ്ങൾക്കാണ് ലഭിച്ചത് ..... ബഹളം .....അപ്പോൾ സപ്ലിമെന്ററി ക്വസ്റ്റ്യൻ ചോദിക്കാനെങ്കിലും ഞങ്ങൾക്ക് അവസരം കിട്ടണം .... ബഹളം .....

മി. സ്പീക്കർ : അങ്ങുപറഞ്ഞിട്ട് ഞാൻ പറയുന്നതുകൂടി കേൾക്കുമോ? .....ബഹളം ..... ഇന്ന് ഇതേവരെ ഒരു 10 മിനിട്ടുനേരം ഒരുകാര്യം പറയാൻ എന്നെ അനുവദിച്ചിട്ടില്ല. എനിക്കതിൽ ദുഃഖമുണ്ട്. 10 മിനിട്ടുനേരമായിട്ട് എന്നെ പറയാൻ അനുവദിച്ചതേയില്ല (..... ബഹളം .....) ഞാൻ പറയുന്നത് ദയവുചെയ്ത് കേൾക്കണം (.....ബഹളം.....) വീണ്ടും ശബ്ദമുണ്ടാക്കിയാൽ എന്താണ് ചെയ്യുക? ഞാൻ പറയുന്നത് കേൾക്കുക (.....ബഹളം.....) ഇങ്ങനെയൊരു സഭയുണ്ടോ? ഞാൻ പറയുന്നത് ദയവുചെയ്ത് കേൾക്കണം, അതിനു തയ്യാറുണ്ടെങ്കിൽ മാത്രമേ ഞാൻ പറയുന്നുള്ളൂ. അല്ലെങ്കിൽ പറയുന്നില്ല. 10 മിനിട്ടുനേരമായി ചെയറിലിരുന്നുകൊണ്ട് ഒരുകാര്യം പറയാൻ, ഒരു വാചകം ഈ സഭയിൽ പറയാൻ കഴിഞ്ഞില്ല എന്നു പറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. പ്രതിപക്ഷനേതാവുപറഞ്ഞ വികാരത്തോട് പരിപൂർണ്ണമായി യോജിച്ചുകൊണ്ട് പറയുകയാണ്, ഇന്ന് സംഭവിച്ചത് അങ്ങു പറഞ്ഞ കാര്യമേയല്ല. ഒരു ചോദ്യം വന്നു. ഈ രൂപത്തിലാണല്ലോ വരുന്നത് ചിലപ്പോൾ ഒരുഭാഗത്തുനിന്നുവരും, ചിലപ്പോൾ മറുഭാഗത്തുനിന്നുവരും, ചിലപ്പോൾ ഒരു ഭാഗത്ത് നിന്ന് ഒന്നിലധികം വരും. ഇന്നുസംഭവിച്ചത് അങ്ങുപറഞ്ഞ കാര്യങ്ങളല്ല, അതാണ് ഞാൻ അടിവരയിട്ടുപറയുന്നത്. ഇന്നുസംഭവിച്ചത്-അങ്ങ് പറഞ്ഞ വികാരത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. അല്പം പോലും ഞാൻ പിന്നോട്ടല്ല, പരിപൂർണ്ണമായി യോജിക്കുകയാണ്.- ഇന്നൊരു ചോദ്യം വന്നു, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി അതിനു മുഴുവൻ ആൻസർ ചെയ്തുകഴിയുമ്പോഴാണല്ലോ, മുൻപ് കൈപൊക്കിയാലും ആൻസർ ചെയ്തുകഴിഞ്ഞിട്ടു കൈപൊക്കുന്നതിനാണല്ലോ വിലയുള്ളത്, കൈപൊക്കി അല്ലെങ്കിൽ ഉപചോദ്യം ചോദിച്ച ഏക ആൾ ശ്രീ. കെ. പ്രകാശ് ബാബുവാണ്. അതിനുശേഷം ഓരോരുത്തരെയായിട്ടു വിളിച്ചു. മൂന്നുപേരുടെ പേരുപറഞ്ഞതിനുശേഷം അതിനിടയ്ക്ക് രണ്ടാമത് കൈപൊക്കിയ ഒരാൾ ശ്രീ. പി. വിശ്വനാണ്. മൂന്നുപേരുടെ പേരുകഴിഞ്ഞിട്ട് മിക്കവാറും അതിനിടയിൽ ആരും ചോദ്യം ചോദിച്ചില്ലെങ്കിൽ, ഇതുകഴിഞ്ഞിട്ട് അത്യാവശ്യം പേരുണ്ടെങ്കിൽ കൊടുക്കുക, പിന്നെ അടുത്തതിലേക്ക് പാസ് ചെയ്യും. പേരുണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. പേരുണ്ടായിരുന്നിട്ട് കൊടുക്കാതിരുന്നാൽ അപരാധം. പ്രത്യേകിച്ചും പ്രതിപക്ഷത്തിന് പ്രത്യേക പരിഗണന

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തില്ലായെങ്കിൽ അപരാധം. ഇവിടെ അതൊന്നും സംഭവിച്ചില്ലല്ലോ? എന്നിട്ട് അവസാനം ശ്രീ. ജി. കാർത്തികേയൻ മുൻനിരയിലിരുന്നുകൊണ്ട് ചോദിച്ചു. ആ സമയത്താണ് പ്രൊഫ. സാവിത്രി ലക്ഷ്മണനും ശ്രീ. പാലോട് രവിയും കൈപൊക്കുന്നത്, അത് അവസാനമാണ്. പ്രൊഫ. സാവിത്രി ലക്ഷ്മണൻ ഒരു കുറിപ്പും എഴുതി. ഇതാണ് സംഭവിച്ചത്. അല്ലാതെ മനഃപ്പൂർവ്വം നിയന്ത്രിക്കുന്നതിന്റെ പ്രശ്നമല്ല, അതിനോട് ചെയറിന് അല്പംപോലും യോജിപ്പില്ല. കൂടുതൽ അവസരങ്ങൾ എത്രകണ്ട് നൽകാമെന്നാണ് നോക്കുന്നത്. ഇങ്ങനെ സംഭവിച്ചതിന്റെ പേരിലാണ് കിട്ടാത്തത്. ശ്രീ. പാലോട് രവി ബാക്ക് ബഞ്ചിലാണെന്ന് പറഞ്ഞൊക്കെ ശബ്ദമുണ്ടാക്കി, അതിന്റെ യാതൊരു പ്രശ്നമില്ലാതെ പരിഗണന നൽകുന്ന ഒരാളാണ് ഞാൻ. ശ്രീ. പാലോട് രവിയെ സംബന്ധിച്ച് ഇത്രയും ഒച്ചപ്പാടുണ്ടാക്കേണ്ട കാര്യമില്ല. വലിയ ഒച്ചപ്പാടുണ്ടാക്കി ഒരു പ്രത്യേക സീൻ ഇവിടെയുണ്ടാക്കേണ്ട കാര്യമില്ല, എനിക്കതിൽ പ്രയാസമുണ്ടായി. അതിന്റെ പേരിലാണ് അങ്ങും ഇത് ഏറ്റെടുക്കേണ്ടതായി വന്നത്. അതുമാത്രമേ ഞാൻ പറയുന്നുള്ളൂ, അല്ലാതെ വേറൊന്നും സംഭവിച്ചില്ല. ചോദ്യം പരമാവധി അംഗങ്ങൾക്ക് കിട്ടാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. അതിലൊരുകാര്യം കൂടി ചെയർ പറയാനാഗ്രഹിക്കുന്നത് ഇപ്പോൾ കുറച്ചുപേർ ചോദ്യം സ്ഥിരമായി ചോദിക്കുന്നവരുണ്ട്. ഒന്നിലധികം ചോദ്യം ഓരോ ദിവസവും ചോദിക്കുന്നവരുണ്ട്. ചില ആളുകൾ ചോദിക്കുന്നില്ല, അപൂർവ്വമായി ചോദിക്കുന്നവരുമുണ്ട്, അവർക്കുകൂടി കിട്ടണ്ടേ? അതിനുള്ള അവസരം കൂടി ഉണ്ടാകണമെന്നുമാത്രമാണ് ചെയർ പലപ്പോഴും സൂചിപ്പിക്കുന്നത്. അല്ലാതെ യാതൊരു നിയന്ത്രണവും ചോദ്യത്തിന്റെ കാര്യത്തിലില്ല ..... ബഹളം .....

(ശ്രീ. എ.കെ. ആന്റണി) : സർ, അങ്ങു മനസ്സിലാക്കേണ്ട ഒരുകാര്യമുണ്ട്. എന്തുകൊണ്ട് ഞാൻ ഇടപെടേണ്ടിവന്നു? കഴിഞ്ഞ കുറേ ദിവസമായി ഈ ഹൗസിലെ ആദ്യത്തെ ചോദ്യങ്ങളെല്ലാം ഭരണകക്ഷിക്കുവരുന്നു. ചോദ്യങ്ങൾ നിയന്ത്രിച്ചില്ലായിരുന്നുവെങ്കിൽ അതിനുമുൻപുള്ള ക്വസ്റ്റ്യൻസ് കൂടുതലും പ്രതിപക്ഷത്തിനായിരുന്നു. ചോദ്യം നിയന്ത്രിച്ചതോടുകൂടി പ്രതിപക്ഷത്തിന് അവസരം നഷ്ടപ്പെട്ടു. ഇത് കഴിഞ്ഞ കുറേ ദിവസമായി സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ഈ സഭയിൽ ആദ്യത്തെ ചോദ്യം വന്നു. ഭരണകക്ഷിയിലെ 5 പേർ ചോദ്യം ചോദിച്ചു. 5 പേർക്കുമായി 10 സപ്ലിമെന്ററി കിട്ടി. ജനകീയാസൂത്രണത്തെക്കുറിച്ചുള്ള ഒരു ചോദ്യമാണ്, 10 സപ്ലിമെന്ററി അവർക്കു കിട്ടി. പ്രതിപക്ഷത്തിന്റെ ആകെ രണ്ടുപേർക്ക് സപ്ലിമെന്ററി കിട്ടി. ശ്രീ. ജി. കാർത്തികേയനും .....ബഹളം .....

മി. സ്പീക്കർ : പ്രതിപക്ഷത്തുനിന്നും ചോദിക്കേണ്ട പ്രതിപക്ഷ നേതാവേ? ശ്രീ. പാലോട് രവി ഒരു കാര്യവുമില്ലാതെ ഒച്ചപ്പാടുണ്ടാക്കുകയാണ്..... ബഹളം.....

ശ്രീ. എ.കെ. ആന്റണി : സർ, ഞാൻ പറയാം. പ്രതിപക്ഷത്തുനിന്നും തുടർച്ചയായി ശ്രീ. പാലോട് രവി. ശ്രീ. കെ.സി. വേണുഗോപാൽ ..... ബഹളം ....

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാൽ ചോദിച്ചിട്ടേയില്ല .... ബഹളം.....

ശ്രീ. എ.കെ. ആന്റണി : അവർ 'പുറകോട്ടുനോക്കണം,' 'പുറകോട്ടുനോക്കണ'മെന്ന് പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു, അത് ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. ചോദ്യോത്തരസമയം ഏകപക്ഷീയമായി ഭരണ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷി കൈയടക്കണമെങ്കിൽ ഞങ്ങൾ ചോദ്യം ചോദിക്കാതിരിക്കാം, അവർ ചോദിക്കട്ടെ. നിയമപ്രകാരം പോകട്ടെ. കാരണം ഞങ്ങൾകൂടി ഈ സഭ മര്യാദയ്ക്കു നടത്താൻ വേണ്ടി ചോദ്യം നിയന്ത്രിക്കാൻ അനുവദിച്ചുപോയി. ആ അപരാധത്തിന് പ്രതിപക്ഷം ശിക്ഷ അനുഭവിക്കണമെങ്കിൽ ഞങ്ങൾ ഇനി മുതൽ ചോദ്യോത്തര സമയത്ത് ചോദ്യം ചോദിക്കാതിരിക്കാം നിങ്ങൾ ചോദിച്ചോളൂ....ബഹളം....

മി. സ്പീക്കർ : അങ്ങനെ ഒരിക്കലുമില്ല... ബഹളം.... (പ്രതിപക്ഷത്തിന് ഉപചോദ്യങ്ങൾ ഉന്നയിക്കാനുള്ള അവസരം നിഷേധിക്കുന്നു എന്ന് പരാതിപ്പെട്ടുകൊണ്ട് ചോദ്യോത്തരവേളയുടെ ശേഷിച്ച സമയം പ്രതിപക്ഷാംഗങ്ങൾ പ്രതിഷേധസൂചകമായി ഉപചോദ്യങ്ങൾ ചോദിക്കാതിരുന്നു.)

മി. സ്പീക്കർ : ചോദ്യം നമ്പർ 377

ചപ്പുചവറുകളിൽ നിന്ന് വളം നിർമ്മിക്കുന്നതിനുള്ള പദ്ധതി

2 (*377)ശ്രീ. എളമരം കരീം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചപ്പുചവറുകളിൽ നിന്ന് വളം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും ആലോചനകളോ ചർച്ചകളോ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇൻഡ്യയിലെ പല വൻനഗരങ്ങളിലും ചവറുകൾ വളമാക്കുന്ന പ്രക്രിയ നടന്നുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തി ഇവിടെയും ഏർപ്പെടുത്തുന്ന കാര്യം അടിയന്തിരമായി ആലോചിക്കുമോ;

(ഇ) ചപ്പുചവറുകൾ കൊണ്ടിടുന്നതിനുള്ള സ്ഥലം ലഭിക്കാത്ത പ്രശ്നവും പരിസരമലിനീകരണവും ഈ വളമായി മാറ്റൽ പ്രക്രിയയിലൂടെ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിനായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ,

(എ)&(ബി) ചപ്പു ചവറുകളിൽ നിന്നും വളം നിർമ്മിക്കുന്നതിനുള്ള പദ്ധതി വിവിധ നഗരസഭകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly